Volume: 1, Issue: 12

# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

ഓഗസ്റ്റ് 10 ചൊവ്വ 2021

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം

## അങ്ങാടിക്കടവിനു വേണം വഴിവിളക്കുകൾ

അനുശ്രീ

അങ്ങാടിക്കടവ് ഭാഗത്ത് വഴിവിളക്കുകളുടെ അഭാവം നാട്ടുകാർക്കും കാൽനടയാത്രക്കാർക്കും യാത്രാ ബുദ്ധിമുട്ട് ഉണ്ടാക്കുകയാണ്. മഴക്കാലമായതിനാൽ ഇഴജന്തുക്കളുടെ ശല്യം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ വഴിവിളക്കുകളില്ലായെന്നത് ഈ വഴിയിലൂടെ യാത്ര ചെയ്യുന്നവരെ ഭീതിയിലാഴ്ത്തുന്നു.

'കേടുവന്ന വഴിവിളക്കുകൾ മാറ്റി ഹൈ മാസ്റ്റ്, മിനി മാസ്റ്റ് ലൈറ്റുകൾ അടുത്തു തന്നെ പുനസ്ഥാപിക്കും. പതിനാറു വാർഡുകളിലായി സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മുന്നൊരുക്കങ്ങളിലാണ്, ഡിസംബറോടെ മാത്രമേ അത് പൂർത്തിയാകൂ. കൂടാതെ എടൂർ - പാലത്തുംകടവ് റൂട്ടിൽ പുതുതായി വരുന്ന കെ എസ് ടി പി റോഡിലും സോളാർ ലൈറ്റുകൾ സ്ഥാപിക്കും'. അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡണ്ടും, അങ്ങാടിക്കടവ് വാർഡ് മെമ്പറുമായ കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.



'വഴിവിളക്കുകൾ ഇല്ലാത്ത പ്രദേശങ്ങളുടെയും, തകരാറിലായവയുടെയും പട്ടിക പഞ്ചായത്തിൽ നൽകിയിട്ടുണ്ട്, വൈകാതെ തന്നെ അവ സ്ഥാപിക്കും. നിലവിൽ വാഴക്കുണ്ട്, മൂന്നാംകുറ്റി കോളനി എന്നിവിടങ്ങളിലാണ് കേടായ വഴിവിളക്കുകൾ ഉള്ളത്. കൂടാതെ പുതുതായി പണികഴിപ്പിക്കുന്ന സ്റ്റേഡിയത്തിന്റെ ഭാഗത്തേക്കുള്ള റോഡിന്റെ പണി കഴിഞ്ഞതിനു ശേഷം വഴിവിളക്കുകൾ സ്ഥാപിക്കും'. മുടയിരഞ്ഞി വാർഡ് മെമ്പർ ഫിലോമിന മാണി കണ്ണംകുളത്ത് പറഞ്ഞു.

'വൈകുന്നേരങ്ങളിൽ ഹോട്ടൽ അടച്ചതിനുശേഷം വീട്ടിലേക്ക് നടന്നു പോവുമ്പോൾ വഴിവിളക്കുകളുടെ അഭാവം വളരെ അധികം ബുദ്ധിമുട്ട് ഉണ്ടാക്കാറുണ്ട്'. വനിത ഹോട്ടലിലെ രമ വടവതി പറഞ്ഞു.

" വഴിവിളക്കുകൾ കേട് വന്നതിനു ശേഷം പുതിയത് സ്ഥാപിക്കാൻ വേണ്ടപ്പെട്ട അധികാരികൾ മുൻകൈയെടുത്തില്ല. മഴക്കാലമായതു കൊണ്ടുതന്നെ വഴിവിളക്കുകൾ ഇല്ലാത്തത് പ്രധാനമായും കാൽനട യാത്ര ദുഷ്കരമാക്കുന്നു.

**- ഷിജോ ജോർജ് ഒറ്റപ്ലാക്കൽ**

അങ്ങാടിക്കടവ് ആനപ്പന്തി റോഡിലെ വഴിവിളക്കുകളുടെ അഭാവം കാൽനട യാത്ര വളരെ ദുഷ്കരമാക്കുന്നു. മഴയും റോഡുകളുടെ ശോചനീയാവസ്ഥയും ഇതിന്റെ തീവ്രത വർധിപ്പിക്കുന്നു. ഈ റോഡിൽ കൃത്യമായ അകലത്തിൽ വഴിവിളക്കുകൾ സ്ഥാപിച്ചെങ്കിൽ മാത്രമേ കാൽനടയാത്രയും, പൊതുഗതാഗതവും കൂടുതൽ സുഗമമാവുകയുള്ളു.

**- ജോസഫ് പീടികയിൽ**

ആശുപത്രി, ഗവണ്മെന്റ് സ്ഥാപനങ്ങൾ തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിൽ നിന്നും ജനങ്ങൾ എത്തിച്ചേരുന്ന അങ്ങാടിക്കടവ് പോലൊരു പ്രദേശത്ത് വഴിവിളക്കുകളുടെ അഭാവം ജനങ്ങളെ വളരെയധികം സാരമായി ബാധിക്കുന്നുണ്ട്. കൂടാതെ ധാരാളം ജലസ്രോതസുകളുള്ള ഒരു പ്രദേശമായതു കൊണ്ട് തന്നെ ഇഴജന്തുക്കളുടെ ശല്യവും രൂക്ഷമാണ്.

**- സി.വി.സെബാസ്റ്റ്യൻ**

**റിട്ടയേർഡ് പോലീസ് ഉദ്യോഗസ്ഥൻ** "

## 1200 ന്റെ തിളക്കം

മിൻസിയ നസ്രി

അങ്ങാടിക്കടവ്: 2020-21 അദ്ധ്യായന വർഷത്തിലെ പ്ലസ്ടു വാർഷിക പരീക്ഷാ ഫലം പുറത്തു വന്നപ്പോൾ മൂന്നിരട്ടി മധുരമാണ് സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂളിന് ഉണ്ടായത്. സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് എന്നീ ഗ്രൂപ്പുകളിൽ നിന്ന് ഓരോ വിദ്യാർത്ഥികൾക്ക് ആയിരത്തി ഇരുന്നൂറിൽ മുഴുവൻ മാർക്കും ലഭിച്ചു. സാന്ദ്ര ഷാജി, ജിത്ത് ഫിലിപ്പോസ് സേവ്യർ, ചെൽസ മരിയ സണ്ണി എന്നീ വിദ്യാർത്ഥികളാണ് ഉയർന്ന മാർക്ക് കരസ്ഥമാക്കിയത്.

### കലാകാരിയായ ചെൽസ



പത്താംക്ലാസിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച് തുടർന്ന് ഹ്യൂമാനിറ്റീസ് പഠിക്കുകയും അതിൽ ഉയർന്ന മാർക്ക് വാങ്ങുകയും ചെയ്ത മിടുക്കിയാണ് ചെൽസ. പഠനത്തിലെ പോലെ കലോത്സവങ്ങളിലും ചെൽസ മുന്നിലാണ്. നൃത്തം, മോണോആക്ട്, പ്രസംഗം, സംഘനൃത്തം, ഇംഗ്ലീഷ് പദ്യം ചൊല്ലൽ എന്നിവയിലെല്ലാം പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.

കുന്നോത്ത് സ്വദേശിയായ ചെൽസ പൈസക്കിരി ദേവമാതാ ഹയർസെക്കൻഡറി സ്കൂളിലെ പ്രിൻസിപ്പാൾ സണ്ണി എൻ. ഡി. യുടെയും മലയാളം അധ്യാപികയായ ഷീബ എം. സി (കുന്നോത്ത് ഹൈസ്കൂൾ) യുടെയും മകളാണ്. സഹോദരൻ അക്ഷയ് സണ്ണി ബി. എസ്. സി. കമ്പ്യൂട്ടർ സയൻസ് വിദ്യാർഥിയാണ്.

പഠന കലാ രംഗത്ത് മിടുക്കിയായ ചെൽസയ്ക്ക് തുടർന്ന് ബി. എ പൊളിറ്റിക്കൽ സയൻസ് എടുത്തു പഠിക്കാനും, ശേഷം സിവിൽ സർവീസ് ചെയ്യാനുമാണ് താല്പര്യം.

'മുഴുവൻ മാർക്ക് പ്രതീക്ഷിച്ചതായിരുന്നു. കിട്ടിയതിൽ സന്തോഷമുണ്ട്. ഓൺലൈൻ ക്ലാസ് ദുരുപയോഗം ചെയ്യാതെ പഠിച്ച് മുന്നേറുകയാണ് വേണ്ടത്'. ചെൽസ പറഞ്ഞു.

### പഠിപ്പിസ്റ്റ് ജിത്ത്



സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂളിലെ ബയോളജി സയൻസ് വിദ്യാർത്ഥിയായ ജിത്ത് ഫിലിപ്പോസ് സേവ്യർ പഠനത്തിൽ എന്നും മുന്നിലായിരുന്നു. എസ്. എസ്. എൽ.സി. യിൽ മുഴുവൻ എ പ്ലസ് വാങ്ങിയാണ് വിജയിച്ചത്.

ഉന്നത മാർക്ക് കരസ്ഥമാക്കിയ ജിത്തിന് തന്റെ ഉയർന്ന പഠനം ഡൽഹിയിൽ തുടരാൻ ആണ് താല്പര്യം. ബി. എസ്. സി. സ്റ്റാറ്റിക്സ് എടുത്ത് പഠിച്ച് ഇന്ത്യൻ സ്റ്റാറ്റിക്കൽ സർവീസിൽ ജോലി നേടണമെന്നാണ് ജിത്തിന്റെ ലക്ഷ്യം.

'ഇപ്പോഴത്തെ ഓൺലൈൻ വിദ്യാഭ്യാസ സമയത്ത് പഠനത്തിൽ ഉഴപ്പുന്നവർക്ക് ഉഴപ്പാം. അതിനു ശ്രമിക്കാതെ നന്നായി പഠിച്ചാൽ മാത്രം മതി, ആർക്കും നല്ല മാർക്ക് വാങ്ങാം '. ജിത്ത് പറഞ്ഞു.

ചരൾ സ്വദേശിയായ സേവ്യർ എം.ജെ (കർഷകൻ), ഡെയ്സി (വീട്ടമ്മ) എന്നിവരുടെ മകനാണ് ജിത്ത്. സഹോദരൻ ജോയൽ ഡിഗ്രി വിദ്യാർത്ഥിയാണ്.

### മിടുമിടുക്കി സാന്ദ്ര



പഠനത്തിൽ വളരെ മിടുക്കിയായ സാന്ദ്ര ഷാജി തന്റെ കഴിവ് ഈ പരീക്ഷയിലും പതിവുപോലെ കാഴ്ചവച്ചു. കൊമേഴ്സിൽ പഠിക്കുന്ന സാന്ദ്രക്ക് ഏറ്റവും ഇഷ്ടപ്പെട്ട വിഷയം ബിസിനസ് സ്റ്റഡീസ് ആയതിനാൽ, ഒരു ബിസിനസ് സംരംഭക ആവുക എന്നതാണ് ലക്ഷ്യം. ബാംഗ്ലൂർ അല്ലെങ്കിൽ ഡൽഹിയിൽ ബി.കോം എടുത്തു പഠിക്കണം എന്നതാണ് സാന്ദ്രയുടെ ഇപ്പോഴത്തെ തീരുമാനം.

രണ്ടാംകടവ് സ്വദേശിയായ ഷാജി ജോസഫ് (ചെങ്കൽ ബി സിനസ്), സ്മിത ഷാജി (വീട്ടമ്മ) എന്നീ ദമ്പതികളുടെ മകളാണ് സാന്ദ്ര. സഹോദരി സ്നേഹ ഷാജി പ്ലസ് വണ്ണിലും സഹോദരൻ സാവിയോ ഏഴാം ക്ലാസിലും പഠിക്കുന്നു.

'ക്ലാസിലിരുന്ന് പഠിക്കുന്നതുമായി ഓൺലൈൻ ക്ലാസിനെ താരതമ്യപ്പെടുത്താൻ കഴിയില്ല. മുഴുവൻ മാർക്ക് കിട്ടും എന്ന് വിചാരിച്ചില്ല. അധ്യാപകരെല്ലാം ഒരുപാട് സഹായിച്ചിട്ടുണ്ട്'. സാന്ദ്ര ഷാജി പറഞ്ഞു.

## ദേ... ഇവിടെയുണ്ടൊരു കളിസ്ഥലം



നവീകരണം കാത്തു കിടക്കുന്ന മുടയിരഞ്ഞി സ്റ്റേഡിയം

വിപിൻ വില്ല്യം

അങ്ങാടിക്കടവിന്റെ കായിക സ്വപ്നങ്ങൾക്ക് ചിറക് നൽകിയ ഒരു സ്റ്റേഡിയം ഇവിടെ ഉണ്ട്. പഞ്ചായത്തിന്റെ കീഴിലുള്ള ഏക കളിസ്ഥലം. എന്നാൽ ഇവിടം ഇപ്പോൾ ഉപയോഗശൂന്യമാണ്. നിയമസഭാ തിരഞ്ഞെടുപ്പിന്റെ മുന്നോടിയായി ജില്ലാ കലക്ടറുടെയും ജില്ലാ പഞ്ചായത്തിന്റെയും അറിയിപ്പ് പ്രകാരം പഞ്ചായത്തിന്റെ അതിർത്തിയിലുള്ള എല്ലാ പുഴകളും വൃത്തിയാക്കാനുള്ള നിർദ്ദേശമനുസരിച്ച് പുഴകൾ മാലിന്യമുക്തമാക്കുകയും, അവശേഷിച്ച മണൽ പഞ്ചായത്തിന് കീഴിലുള്ള കളിസ്ഥലമായ മുടയിരഞ്ഞി ഗ്രൗണ്ടിൽ സൂക്ഷിക്കുകയും ചെയ്തു. മണൽ കലക്ടറുടെ ഉത്തരവാദിത്വത്തിൽ ലേലം ചെയ്യാനിരുന്നുവെങ്കിലും അത് വാക്കുകളിൽ മാത്രം ഒതുങ്ങി.

'സ്റ്റേഡിയത്തിന്റെ പകുതി ഭാഗവും മണൽ നിക്ഷേപിച്ചിരിക്കുകയാണ്. ബാക്കിയുള്ള സ്ഥലത്ത് കുണ്ടും കുഴിയുമാണ്. അവിടെ കളിക്കുമ്പോൾ വീണു പരിക്ക് പറ്റുന്നത് ഇപ്പോൾ പതിവാണ്. ഗ്രൗണ്ടിന്റെ എല്ലായിടങ്ങളിലും കാടുകയറുകയും ചെയ്തു. ഇവിടെ ഒരു ഗ്രൗണ്ട് ഉണ്ടായിരുന്നു വെന്ന് പറഞ്ഞാൽ ആരും വിശ്വസിക്കില്ല. നല്ലൊരു ഗ്രൗണ്ടും കൃത്യമായ പരിശീലനവും ലഭിച്ചാൽ കായിക മേഖലയിൽ ഒരുപാട് സംഭാവനകൾ ചെയ്യാൻ നമുക്ക് സാധിക്കും'. പ്രദേശവാസിയായ ഉല്ലാസ് പറഞ്ഞു.

'പഞ്ചായത്തിന്റെ എല്ലാ പൊതുപരിപാടികളും ഇപ്പോൾ സ്കൂൾ ഗ്രൗണ്ടുകളിലാണ് നടന്നുവരുന്നത്. സ്റ്റേഡിയ നവീകരണം വഴി എല്ലാ പൊതുപരിപാടികളും സ്റ്റേഡിയത്തിലേക്ക് മാറ്റുവാൻ സാധിക്കും'. മുടയിരഞ്ഞി വാർഡ് മെമ്പർ ഫിലോമിന മാണി കണ്ണംകുളത്ത് പറഞ്ഞു.

'സ്റ്റേഡിയ നവീകരണത്തിന്റെ ടെൻഡർ നടപടികൾ പൂർത്തിയാക്കേണ്ടിയിരിക്കുന്നു. മണ്ണ് നീക്കുന്നതിനായി കലക്ടറുടെ അനുമതിയും ആവശ്യമാണ്. അതിനു ശേഷം ഉടൻ തന്നെ പണി ആരംഭിക്കും. ഈ സാമ്പത്തിക വർഷം തന്നെ നിർമ്മാണം പൂർത്തീകരിക്കാനാണ് പഞ്ചായത്തിന്റെ തീരുമാനം. അതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്'. പഞ്ചായത്ത് പ്രസിഡണ്ട് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

ഒരു കളിസ്ഥലം എന്നതിലുപരി കുറേയേറെ യൗവ്വനങ്ങളുടെ ഓർമ്മകൾ നിലനിൽക്കുന്ന മുടയിരഞ്ഞി സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തികൾ ഉടൻ ആരംഭിക്കും എന്നുള്ള പ്രതീക്ഷയിലാണ് ഇവിടുത്തെ യുവജനങ്ങളും നാട്ടുകാരും.

## 5000 പേർ വാക്സിൻ സ്വീകരിച്ചു

അമൃത സുരേന്ദ്രൻ

അങ്ങാടിക്കടവ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലൂടെ (പി എച്ച് സി) അയ്യായിരത്തിലധികം പേർ കോവിഡ് വാക്സിൻ സ്വീകരിച്ചു. ഓഗസ്റ്റ് 6 വരെയുള്ള കണക്കനുസരിച്ച് 5572 പേർ ആദ്യ ഡോസും 2224 പേർ രണ്ടാമത്തെ ഡോസും സ്വീകരിച്ചു. ഒരു ദിവസം 100 പേർക്ക് വാക്സിൻ കൊടുത്താൽ അടുത്ത ദിവസം 150 പേർക്ക് എന്ന രീതിയിലാണ് വാക്സിനേഷൻ ക്രമീകരിച്ചിട്ടുള്ളത്. വാക്സിന്റെ ലഭ്യതക്കനുസരിച്ചാണ് പ്രതിദിനം എത്ര പേർക്ക് നൽകണമെന്നും ഏതൊക്കെ ദിവസങ്ങളിൽ നൽകണമെന്നും തീരുമാനിക്കുന്നത്.

വാക്സിൻ തടസ്സമില്ലാതെ ലഭിച്ചാൽ, 18 വയസ്സ് പൂർത്തിയായ എല്ലാവർക്കും ആദ്യം നൽകാനാണ് തീരുമാനം. വിദേശത്തുള്ള സർവ്വകലാശാലകളിലേക്ക് പ്രവേശനം നേടിയ വിദ്യാർഥികളും, ജോലിക്ക് വേണ്ടി മറ്റു രാജ്യങ്ങളിലേക്ക് പോകാൻ ആഗ്രഹിക്കുന്നവർക്കും മുൻഗണന നൽകും. പരീക്ഷ എഴുതാൻ ഇരിക്കുന്ന വിദ്യാർത്ഥികൾക്ക് ഹാൾടിക്കറ്റ് അഥവാ കോളേജ് അതോറിറ്റിയിൽ നിന്നും കത്തുമായി സമീപിച്ചാൽ വാക്സിൻ ഉടനെ നൽകും. ഹെൽത്ത് ഇൻസ്പെക്ടർ രാജേഷ് പറഞ്ഞു.

കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ കടകളിലും മറ്റു സ്ഥാപനങ്ങളിലും പോകാൻ വാക്സിന്റെ ആദ്യ ഡോസ് എങ്കിലും എടുത്തിരിക്കണമെന്ന സർക്കാർ തീരുമാനത്തിന്റെ ഭാഗമായി ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യുന്ന ആളുകളുടെ എണ്ണത്തിൽ വർധനവുണ്ട്.

കോവിഡിന്റെ മൂന്നാം വ്യാപന സാധ്യതയും ഡെൽറ്റ പ്ലസ് വകഭേദവുമടക്കമുള്ള പുതിയ ഭീഷണികളും മുന്നിൽ നിൽക്കെ ജനം ആർജിക്കുന്ന പ്രതിരോധശേഷി നിലനിർത്തണമെങ്കിൽ വാക്സിനേഷൻ നിർബന്ധമാണ്. കരുതൽ എടുത്തില്ലെങ്കിൽ അടുത്ത കുറച്ച് ആഴ്ചയ്ക്കുള്ളിൽ രാജ്യത്ത് മൂന്നാം തരംഗം ഉണ്ടാകുമെന്നാണ് ആരോഗ്യവിദഗ്ധരുടെ മുന്നറിയിപ്പ്. അതുകൊണ്ടുതന്നെ വാക്സിൻ മാത്രമാണ് ഏക പോംവഴി.

## എഡിറ്റോറിയൽ

### നല്ലൊരു നാളേക്കായ് ...

ലോകം മുഴുവൻ കോവിഡ് മഹാമാരിയുടെ മൂന്നാം തരംഗം ഉണ്ടാകുമോ എന്ന ആശങ്കയിലാണ്. ആരോഗ്യപ്രവർത്തകരും, നിയമസംവിധാനങ്ങളും അഹോരാത്രം പഴയ നാളുകളെ തിരികെ കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ, കോവിഡ് ബാധിതരാണെന്നു തിരിച്ചറിഞ്ഞിട്ടും അത് മറ്റുള്ളവരിലേക്കെത്തിക്കാൻ ശ്രമിക്കുന്ന ആളുകൾ ഇന്ന് നമ്മുക്കിടയിലുണ്ട്. സ്വന്തം വീട്ടിലോ, അയൽപക്കത്തോ കോവിഡ് ബാധിതർ ഉണ്ടെങ്കിൽ പോലും വേണ്ടപ്പെട്ട അധികൃതരെ വിവരമറിയിക്കാൻ ആരും തയ്യാറാകുന്നില്ല. ഇനി കോവിഡ് ബാധിതർ ക്വാറന്റൈനിൽ ഇരുന്നാൽ തന്നെ, അവരുടെ കുടുംബത്തിലുള്ളവർ പൊതുസ്ഥലങ്ങളിൽ ഇറങ്ങി നടക്കുന്നു. ക്വാറന്റൈൻ ദിനങ്ങളിൽ തങ്ങൾക്ക് നഷ്ടമാകുന്ന സ്വാതന്ത്ര്യത്തെ മാത്രം പരിഗണിച്ച് എടുക്കുന്ന ഇത്തരം തീരുമാനങ്ങൾ തീർച്ചയായും രോഗത്തെ അതിന്റെ ഔന്നിത്യത്തിൽ എത്തിക്കുകയേയുള്ളൂ.

കോവിഡ് ബാധിതരായവർ തന്നെ ഹെൽത്തിൽ റിപ്പോർട്ട് ചെയ്യാനുള്ള മുൻകരുതൽ എടുക്കണം, കൂടാതെ സോപ്പ്, സാനിറ്റൈസർ, ഡബിൾ മാസ്ക് എന്നിവയുടെ ഉപയോഗം ശീലമാക്കുക, വാക്സിനേഷൻ എടുത്ത് കോവി ഡ് പ്രതിരോധം ഉറപ്പ് വരുത്തുക, എന്നിവയാണ് സമൂഹത്തോട് പ്രതിബദ്ധതയുള്ള വ്യക്തി എന്ന നിലയിൽ ഓരോരുത്തർക്കും ചെയ്യാനാകുന്നത്. എല്ലാ വാർഡുകളിലും ആർ ടി പി സി ആർ പരിശോധന വിപുലമായി തന്നെ നടത്താൻ പഞ്ചായത്തും, വാർഡ് മെമ്പർമാരും കൃത്യമായി ശ്രദ്ധിക്കണം. കൂടാതെ കോവിഡ് ബാധിതരും അവരുമായി സമ്പർക്കമുണ്ടായവരും ക്വാറന്റൈൻ ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് പഞ്ചായത്തും, ആരോഗ്യപ്രവർത്തകരും ഉറപ്പുവരുത്തേണ്ടതാണ്. കൃത്യമായ നിയന്ത്രണങ്ങൾ പിൻതുടർന്നെങ്കിൽ മാത്രമേ കോവിഡ് മഹാമാരിയുടെ മൂന്നാം തരംഗത്തെയും ചെറുത്ത് തോൽപ്പിക്കാനാകൂ.

-എഡിറ്റർ

# പുഴ മത്സ്യങ്ങളുടെ ചാകരക്കാലം

**ജോബിൻ ജേക്കബ്**

പുഴമത്സ്യങ്ങളുടെ ചാകര കാലമാണ് കർക്കിടകം. തോടുകളും, അരുവികളും മനുഷ്യ ശരീരത്തിലെ ഞരമ്പുകൾ പോലെ നാടിനെ ജലസമ്പന്നമാക്കുന്നുവെന്നത് അങ്ങാടിക്കടവ് പ്രദേശത്തിന്റെ സവിശേഷതയാണ്. കനത്ത മഴ പെയ്യുന്ന ജൂലൈ- ഓഗസ്റ്റ് മാസങ്ങളിൽ, വിനോദത്തിനും ജീവനോപാധിക്കുമായി മീൻപിടുത്തം നടത്തുന്നവർ ഏറേയാണ്.

ഉടക്ക് വല, വീശുവല, കുത്തുവല, വിരി വല എന്നിങ്ങനെ വിവിധ വലകൾ ഉപയോഗിച്ചാണ് മീൻ പിടുത്തം നടത്തുന്നത്. ഇവയ്ക്കുപുറമേ മീൻ'കൂട്', ഏറ് ചൂണ്ട എന്നിവയും ഉപയോഗിക്കാറുണ്ട്. മീനുകൾ പ്രജനനം നടത്തുന്ന കാലം ഒഴിച്ച്, ബാക്കി സമയങ്ങളിൽ വല- ചൂണ്ട എന്നിവ ഉപയോഗിച്ചുള്ള മീൻ പിടുത്തം നിയമാനുസൃതമാണ്.

'പ്രകൃതിക്ക് ഇണങ്ങിയതും പരമ്പരാഗതവുമായ മീൻപിടുത്ത രീതികൾ പുതിയ തലമുറയ്ക്ക് അന്യമാണ്. വളരെ അധ്വാനവും ക്ഷമയും ആവശ്യ മായ ഒരു കാര്യമാണ് മീൻപിടുത്തം. വല കെട്ടാനും മീൻ 'കൂട്' വയ്ക്കാനു മൊക്കെ പരിചയമുള്ള ആളുകൾ ഈ കാലത്ത് കുറവാണ്. ഒരു വിനോദമായിട്ടാണ് ഞാൻ മീൻ പിടുത്തത്തെ കാണുന്നത്'. അങ്ങാടിക്കടവ് സ്വദേശിയായ ജോസ് സെബാസ്റ്റ്യൻ പറഞ്ഞു.



ജോസ് സെബാസ്റ്റ്യൻ തന്റെ മീൻ 'കൂടു'മായി

കറ്റി, കട്ല, കല്ലേമുട്ടി, കുരൽ, കോല, ആരോ, മനഞ്ഞി, മരമീൻ, ചേറ് മീൻ എന്നിവയാണ് പ്രധാന പുഴ മത്സ്യങ്ങൾ. സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടിയാണ് കൂടുതൽ പേരും മീൻ പിടിക്കുന്നത്. പുഴ മത്സ്യം രുചിയേറിയ ഒരു വിഭവം ആണ്. കടൽ മീനി നെക്കാളും ചെറുതായതു കൊണ്ടും ഉളുമ്പ് അധികമായതിനാലും മീൻ വൃത്തിയാക്കാനും സമയം കൂടുതൽ വേണ്ടി വരുന്നു.

ഈന്തുംകരി കോളനി നിവാസികൾ ചൂണ്ട ഉപയോഗിച്ചാണ് മീൻ പിടിക്കുന്നത്. കൂലി പണി ചെയ്ത് ഉപജീവനം നടത്തുന്ന കോളനി നിവാസികൾക്ക് പണി കുറയുന്ന മഴക്കാലത്ത് മീൻ പിടുത്തം ഒരു ജീവനോപാധി കൂടിയാണ്. 'പുഴയിലെ വെള്ളത്തിന്റെ തെളിമയും ഒഴുക്കുമെല്ലാം നോക്കി വേണം ചൂണ്ട ഇടാൻ. കറ്റി, ആരോൻ പോലെയുള്ള മീനുകളെ പിടിക്കാൻ ചൂണ്ടയുമായി ഏറെ നേരം കാത്തിരിക്കേണ്ടി വരും. എന്നാൽ പരിചയ സമ്പത്തുകൊണ്ട് വേഗത്തിൽ മീൻ പിടിക്കുന്നവരും കുറവല്ല'. ഉരുപ്പുംകുറ്റി സ്വദേശിയായ ആഗസ്തി മുയ്യപ്പള്ളി പറഞ്ഞു.

വേനൽ കനക്കുമ്പോൾ തോട്ടിലെ നീരൊഴുക്ക് കുറയുകയും മീൻപിടുത്തം ഏതാനും ചില ഇടങ്ങളിലേക്ക് ചുരുങ്ങുകയും ചെയ്യും. എന്നാൽ മഴ തകർത്ത് പെയ്യുന്ന മാസങ്ങളിൽ മൂന്ന് മുതൽ നാല് കിലോ വരെ മീൻ ലഭിക്കുന്നവരുണ്ട്. മീൻ പിടുത്തത്തിൽ ഏർപ്പെടുന്ന പലർക്കും ഇതിനെ സംബന്ധിച്ചുള്ള അറിവ് പൈതൃകമായി കിട്ടിയതാണ്. പണ്ടത്തേത് പോലെ മീൻ പിടിത്തക്കാർ ഇല്ലെങ്കിലും ചൂണ്ടക്കാർക്കും വലയിടുന്നവർക്കും ഇപ്പോഴും കുറവില്ല.

# ബസ് സർവീസ് പുനരാരംഭിച്ചു

■ പ്രതിസന്ധിയിലും പ്രതീക്ഷയോടെ ബസ് ജീവനക്കാർ

**അഡാസിയോ**



സർവീസ് പുനരാരംഭിച്ച നാരായണ ബസ്

നാല് മാസത്തിനുശേഷം അങ്ങാടിക്കടവ് റൂട്ടിലെ സ്വകാര്യ ബസ്സുകൾ വീണ്ടും ഓടി തുടങ്ങി. കരിക്കോട്ടക്കരി - വാണിയപ്പാറ റൂട്ടിൽ സർവീസ് നടത്തുന്ന നാരായണ ബസ്സും, തലശ്ശേരി - വാണിയപ്പാറ റൂട്ടിലോടുന്ന ഹോളി മരിയ ബസ്സും, പേരാവൂർ - ചരൾ റൂട്ടിൽ സർവീസ് നടത്തുന്ന ഗോൾഡൻ ബസ്സുമാണ് കോവിഡ് പ്രതിസന്ധികളെ മറികടന്ന് സർവീസ് പുനരാരംഭിച്ചത്.

ബസ്സുടമകളുടെ അഭിപ്രായത്തിൽ ബസ് സർവീസ് ഇനിയും നിർത്തിവെക്കുന്നത് വലിയ പ്രതിസന്ധിക്ക് കാരണമാകും, നിലനിൽപ്പാണ് പ്രധാനം. കഴിഞ്ഞ ഏഴ് മാസത്തിനുള്ളിൽ 20 രൂപയിലധികമാണ് ഡീസൽ വില വർധിച്ചത്. ഡീസൽ ചിലവ് കഴിഞ്ഞ് ജീവനക്കാർക്ക് ശമ്പളം കൊടുക്കാനും അറ്റകുറ്റപ്പണികൾ നടത്താനും നെട്ടോട്ടമോടുകയാണ് ബസ്സുടമകൾ.

'ഒരുമാസമായി ബസ് ഓടുന്നുണ്ട്. മാസങ്ങളോളം വണ്ടി ഓടാതെ കിടന്നതുകൊണ്ട് ലക്ഷക്കണക്കിന് രൂപ മുടക്കി അറ്റകുറ്റപ്പണി എടുപ്പിച്ചതിനു ശേഷമാണ് വാഹനങ്ങൾ വീണ്ടും നിരത്തിലിറക്കിയത്. പതിനാലോളം സ്വകാര്യവ്യക്തികളുടെ സഹായത്തോടെയാണ് ബസ് എന്ന സ്വപ്നം യാഥാർത്ഥ്യമായത്. വണ്ടി പണിയെടുത്ത് മിച്ചം പിടിച്ച തുകയിൽ നിന്നും വലിയ പ്രതീക്ഷയോടെയാണ് ഞങ്ങൾ ബസ് വാങ്ങിയത്. ലോക്ക്ഡൗൺ കാലത്ത് പ്രതിസന്ധിയിലായ സ്വകാര്യ ബസ് സർവീസ് ഇപ്പോൾ വലിയ നഷ്ടത്തിലാണ് മുന്നോട്ടുപോകുന്നത്. ക്ലീനറെ ഒഴിവാക്കി കണ്ടക്ടറും ഡ്രൈവറും മാത്രമായാണ് ബസ് നിരത്തിലിറങ്ങുന്നത്. എങ്കിലും ജീവനക്കാരുടെ കൂലി കഴിച്ച് മിച്ചം പിടിക്കാൻ യാതൊന്നുമില്ല'. ഗോൾഡൻ ബസ് ഉടമയായ സനൂപ് കെ. പറഞ്ഞു.

'ബസ് സർവീസ് പുനരാരംഭിച്ചെങ്കിലും യാത്രക്കാർ കുറവാണ്. കോവിഡിനെ ഭയന്ന് പലരും പൊതുഗതാഗതത്തെ ആശ്രയിക്കുന്നില്ല. വരുമാനം ഗണ്യമായി കുറഞ്ഞു. ലോക്ഡൗണിൽ ബസ് ഓടാതെ വന്നപ്പോൾ നിർമ്മാണ ജോലികൾ ചെയ്താണ് കുടുംബം പുലർത്തിയത്. സാധാരണക്കാരാണ് സ്വകാര്യ ബസുകളെ ആശ്രയിക്കുന്നവരിൽ ഏറെയും. പ്രതിസന്ധികളെ തുടർന്ന് ബസ് സർവീസ് അവസാനിപ്പിച്ചാൽ ബുദ്ധിമുട്ട് അനുഭവിക്കുന്നതും ഈക്കൂട്ടർ ആയിരിക്കും'. ബസ് കണ്ടക്ടറായ നിഖിൽ പറഞ്ഞു

മാസങ്ങളോളം ഓടാതെ കിടന്ന വാഹനങ്ങളുടെ നികുതി കൃത്യമായി അടക്കേണ്ടി വന്നാൽ അത് ബസ് ഉടമകൾക്ക് അമിത ഭാരമാകും. ഡീസൽ വില വർദ്ധനവ് കൂടി ആകുമ്പോൾ ബുദ്ധിമുട്ട് വർദ്ധിക്കും. ലോണെടുത്തും പണം പലിശയ്ക്കെടുത്തും വാഹനം വാങ്ങിയ പലർക്കും ഈ കോവിഡ് കാലം പരീക്ഷണങ്ങളുടെ സമയമാണ്. ഇതിനെ അതിജീവിക്കാൻ സർക്കാരിന്റെ ഇടപെടലുകൾക്കായി കാത്തിരിക്കുകയാണ് ബസ് ജീവനക്കാർ.

# ആഘോഷങ്ങളില്ലാതെ ഒരോണം കൂടി



**ഐശ്വര്യ സി ജേക്കബ്**

രണ്ടാം വർഷവും ആഘോഷങ്ങൾ ഇല്ലാതെ കടന്നു പോവുകയാണ് അങ്ങാടിക്കടവിലെ ഓണം. കോവിഡ് രൂക്ഷമാകുന്ന സാഹചര്യം കണക്കിലെടുത്ത് ആഘോഷങ്ങൾ ഒഴിവാക്കുകയാണ് അങ്ങാടിക്കടവ് നിവാസികൾ.

'വിദ്യാർഥികളുടെ പഠന കാലഘട്ടത്തിലെ മനോഹരമായ ആഘോഷങ്ങളിലൊന്നാണ് ഓണം. കോവിഡിന് മുൻപുവരെ വളരെ ആഘോഷകരമായ രീതിയിൽ ആയിരുന്നു ഓണപരിപാടികൾ നടത്തിയിരുന്നത്. എന്നാൽ കോവിഡ് മൂലം ഓണാഘോഷങ്ങൾ ഓൺലൈനായി നടത്താനാണ് സ്കൂൾ തീരുമാനിച്ചിരിക്കുന്നത്'. അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് സ്കൂൾ പ്രിൻസിപ്പാൾ ഫ്രാൻസിസ് കെ. ജെ. പറഞ്ഞു.

'ഡോൺ ബോസ്കോ കോളേജിൽ ഓണാഘോഷം ഗംഭീരമായ രീതിയിലാണ് മുൻവർഷങ്ങളിൽ നടത്തിയിരുന്നത്. ഡിപ്പാർട്ട്മെന്റ് തലത്തിൽ പൂക്കള മത്സരം, ഓണപ്പാട്ട് മത്സരം തുടങ്ങിയവ നടത്തുകയും പരിപാടികളുടെ വീഡിയോ സോഷ്യൽ മീഡിയകളിലൂടെ പുറത്തിറക്കുകയും ചെയ്തിരുന്നു. മത്സരങ്ങളുടെ അടിസ്ഥാനത്തിൽ ഡിപ്പാർട്ട്മെൻറ്തല വിജയികൾക്ക് ചാമ്പ്യൻഷിപ്പ് ട്രോഫി നൽകി മനോഹരമായ രീതിയിലാണ് ഓണം ആഘോഷിച്ചിരുന്നത്. എന്നാൽ കോവിഡിന്റെ പശ്ചാത്തലത്തിൽ രണ്ടുവർഷമായി ഓണാഘോഷങ്ങൾ കോളേജിൽ നടത്തുന്നില്ല. ഈ വർഷം ഓൺലൈനിൽ വ്യത്യസ്തമായ രീതിയിൽ ഓണപരിപാടി നടത്താൻ കോളേജ് ശ്രമിക്കുന്നുണ്ട്'. കോളേജ് പ്രിൻസിപ്പാൾ ഡോ. ഫാ. ഫ്രാൻസിസ് കാരക്കാട്ട് പറഞ്ഞു.

സ്കൂൾ തുടങ്ങിയ കാലം മുതൽ ഇന്നുവരെ എല്ലാ വർഷവും മുടങ്ങാതെ സദ്യ നൽകി വലിയ രീതിയിലായിരുന്നു ഓണം ആഘോഷിച്ചിരുന്നത്. എന്നാൽ കോവിഡിന്റെ സാഹചര്യം പരിഗണിച്ച് ഈ വർഷം ഓൺലൈനായാണ് പരിപാടികൾ നടത്തുന്നത്'. അങ്ങാടിക്കടവിലെ ലിറ്റിൽ ബഡ്സ് സ്കൂളിലെ പ്രിൻസിപ്പിൾ കെ. പി. തോമസ് പറഞ്ഞു

'മുൻ വർഷങ്ങളിൽ വലിയ രീതിയിലാണ് ഓണം ആഘോഷിച്ചത്. വാർഡ് തലത്തിൽ മത്സരങ്ങൾ സംഘടിപ്പിച്ചു. കുട്ടികൾക്കും മുതിർന്നവർക്കുമായിരുന്നു ഇത്തരം മത്സരങ്ങൾ. പരിപാടികൾക്ക് നേതൃത്വം കൊടുത്തത് ഇടവകയിലെ യുവജനങ്ങൾ ആയിരുന്നു. എന്നാൽ ഇപ്പോഴത്തെ സാഹചര്യം കണക്കിലെടുത്ത് ഈ വർഷം ഓണാഘോഷങ്ങൾ ഒന്നും നടത്തേണ്ടതില്ല എന്നാണ് തീരുമാനം'. അങ്ങാടിക്കടവ് ഇടവക വികാരി ഫാ. തോമസ് ആമക്കാട്ട് പറഞ്ഞു.

കോവിഡിന് മുൻപ് അങ്ങാടിക്കടവിൽ കെ സി വൈ എം ന്റെ നേതൃത്വത്തിൽ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. പൂക്കള മത്സരം, വടംവലി, ഉറിയടി, തുടങ്ങിയ മത്സരങ്ങൾ നടത്തി സമ്മാനങ്ങൾ നല്കുകയും ചെയ്തിരുന്നു. എന്നാൽ കോവിഡ് രൂക്ഷമായ സാഹചര്യത്തിൽ ഈ വർഷവും ആഘോഷങ്ങളില്ലാതെ കടന്നുപോവുകയാണ് ഓണം'. അങ്ങാടിക്കടവിലെ മുൻ കെ സി വൈ എം പ്രസിഡന്റായ ബോസ്കോ തോമസ് പറഞ്ഞു.

വിദ്യാർത്ഥികൾക്ക് മാത്രമല്ല സാധാരണക്കാർക്കും ഈ വർഷം ഓണാഘോഷങ്ങളില്ല. കോവിഡ് മൂലം വളരെയധികം സാമ്പത്തിക പ്രതിസന്ധിയാണ് അവർ നേരിടുന്നത്. പണി ഇല്ലാത്തതിനാൽ ദൈനംദിന ചിലവിനു പോലും ബുദ്ധിമുട്ടുകയാണ്. ഓണമൊരു സാധാരണ ദിവസം പോലെ തന്നെ കടന്നു പോകുമെന്നാണ് ഇവർ കരുതുന്നത് .

വാർത്തകൾക്കും പരസ്യങ്ങൾക്കുമായി വിളിക്കൂ... 9496698531




For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: പ്രവിൺ പി. എഫ്. | എഡിറ്റർ ഇൻ ചാർജ്: അനുശ്രീ. കെ | സബ് എഡിറ്റേഴ്സ്: ജോബിൻ ജേക്കബ്, വിപിൻ വില്ല്യം, അഡാസിയോ ജോവാക്കിം, അമൃത സുരേന്ദ്രൻ, മിൻസിയ നസ്രി, ഐശ്വര്യ സി ജേക്കബ് | ഫോട്ടോഗ്രാഫേഴ്സ്: ജോബിൻ ജേക്കബ്, അഡാസിയോ | ഡിസൈൻ: നീതു തങ്കച്ചൻ